بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 23.10.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം***

## ഹദ്റത്ത് മുആദ് ബിൻ ജബൽ(റ)

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദും തഅവ്വുദും സൂറഃഫാത്തിഹയും ഓതിയശേഷം ഹുസൂർ(അയ്യദഹുല്ലാഹ്) പറഞ്ഞു:

ഇന്ന് ഞാൻ അനുസ്മരിക്കുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് മുആദ് ബിൻ ജബൽ എന്നാകുന്നു. പിതാവിന്റെ പേര് ജബൽ ബിൻ അംറ് എന്നായിരുന്നു. അദ്ദേഹം ഏറെ വെളുത്ത നിറവും ഭംഗിയുള്ള മുഖവും സുർമ തേച്ചതുപോലെ മനോഹരമായ കണ്ണുകളും ഉള്ള ആളായിരുന്നു. അദ്ദേഹം തന്റെ സമുദായത്തിലെ യുവാക്കളിൽ ഏറെ ഭംഗിയുള്ള യുവാവും ഏറെ ദാനശീലനുമായിരുന്നു. അബു നുഅയിം പറയുന്നു: ഹദ്റത്ത് മുആദ് ബിൻ ജബൽ, അൻസ്വാറുകളിലെ യുവാക്കളിൽ സഹിഷ്ണുതയിലും ലജ്ജയിലും ദാനശീലത്തിലും ഉത്തമനായിരുന്നു. ഹദ്റത്ത് മുആദ് ബിൻ ജബൽ ബയ്അത്ത് ഉഖ്ബ സാനിയയിൽ 70 അൻസ്വാർ സഹാബാക്കളൊടോപ്പം ഭാഗഭാക്കായിരുന്നു. ഇസ്‌ലാം സ്വീകരിച്ച സമയത്ത് അദ്ദേഹത്തിന് 18 വയസ്സായിരുന്നു പ്രായം. അദ്ദേഹം ബദ്ർ, ഉഹദ്, ഖന്തഖ് എന്നിവയിലും തുടർന്നുള്ള യുദ്ധങ്ങളിലും തിരുനബി(സ)ന്റെ കൂടെ പങ്കെടുത്തിരുന്നു. ബദ്ർ യുദ്ധത്തിൽ പങ്കെടുക്കുന്ന സമയത്ത് അദ്ദേഹത്തിന്റെ പ്രായം ഇരുപതോ, ഇരുപത്തിഒന്നോ വയസ്സായിരുന്നു. ഇസ്‌ലാം സ്വീകരിച്ച ശേഷം ഹദ്റത്ത് മുആദ് ബിൻ ജബൽ, ബനൂ സൽമയിലെ യുവാക്കളോടൊപ്പം ചേർന്നു ബനു സൽമാ ഗോത്രത്തിന്റെ വിഗ്രഹങ്ങളെ ഉടച്ചുകളയുകയുണ്ടായി.

മക്കാവിജയത്തിന് ശേഷം റസൂലുല്ലാഹ്(സ) ഹുനയ്നിലേക്ക് പോയി. അപ്പോൾ തിരുനബി(സ) ഹദ്റത്ത് മുആദ് ബിൻ ജബലിനെ മക്കയിൽ ജനങ്ങൾക്ക് ദീനും ഖുർആനും പഠിപ്പിക്കാൻ നിയോഗിച്ചിരുന്നു. ഹദ്റത്ത് മുആദ് ബിൻ ജബൽ, തബൂക്ക് യുദ്ധത്തിൽ നല്ല രീതിയിൽ ഭാഗഭാക്കായിരുന്നു. ഖത്താദഃ പറയുന്നു: ഞാൻ ഹദ്റത്ത് അനസ് ഇങ്ങനെ പറയുന്നതായി കേട്ടു; റസൂലുല്ലാഹ്(സ)ന്റെ കാലത്ത് നാല് പേരാണ് ഖുർആൻ ക്രോഡീകരിച്ചത്. അവരെല്ലാവരും അൻസ്വാറിൽ നിന്നുള്ളവർ ആയിരുന്നു. ഹദ്റത്ത് മആദ് ബിൻ ജബൽ, ഹദ്റത്ത് ഉബയ്യ് ബിൻ കഅബ്, ഹദ്റത്ത് സയ്ദ് ബിൻ സാബിത്ത്, ഹദ്റത്ത് അബൂ സയ്ദ്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്(റളിയല്ലാഹുഅൻഹുമാ)ൽ നിന്ന് നിവേദനം: ഞാൻ തിരുനബി(സ) ഇങ്ങനെ പറയുന്നതായികേട്ടു. നാല് പേരിൽ നിന്ന് വിശുദ്ധ ഖുർആൻ പഠിക്കുക; അതായത് ഇബ്നു മസ്ഊദ്, അബൂ ഹുദയ്ഫയുടെ അടിമയായിരുന്ന സാലിം, ഉബയ്യ് ബിൻ കഅബ്, മുആദ് ബിൻ ജബൽ എന്നിവരിൽ നിന്ന്.

ഹദ്റത്ത് അനസ് ബിൻ മാലിക്ക് നിവേദനം ചെയ്യുന്നു; എന്റെ ഉമ്മത്തിൽ ഏറ്റവുമധികം ഹലാലും ഹറാമും അറിയുന്നയാൾ മുആദ് ബിൻ ജബൽ ആകുന്നു.

ഹദ്റത്ത് മുആദ് ബിൻ ജബൽ നിവേദനം ചെയ്യുന്നു; തിരുനബി(സ) ഒരു ദിവസം അദ്ദേഹത്തിന്റെ കൈ പിടിച്ചുകൊണ്ട് പറഞ്ഞു: മുആദ്, ഞാൻ തീർച്ചയായും നിങ്ങളെ സ്നേഹിക്കുന്നു. ഹദ്റത്ത് മുആദ് പറഞ്ഞു, യാ റസൂലല്ലാഹ്! എന്റെ മാതാപിതാക്കൾ അങ്ങേക്ക് തെണ്ടമായിരിക്കട്ടെ! ഞാനും അങ്ങയെ സ്നേഹിക്കുന്നു. തിരുനബി(സ) പറഞ്ഞു; മുആദ് ഞാൻ നിന്നോട് ഉപദേശിക്കുകയാണ്. എല്ലാ നമസ്കാരത്തിനു ശേഷവും ഒരിക്കലും ഉപേക്ഷ വരുത്താതെ ഈ ദിക്റ് ചൊല്ലുക, *അല്ലാഹുമ്മ അഅ്ന്നീ അലാ ദിക്രിക്ക വ ശുക്രിക വ ഹുസ്നി ഇബാദത്തിക.* അതായത് അല്ലാഹുവേ! നിന്നെ സ്മരിക്കാൻ കഴിയുന്നതിനും നിനക്ക് നന്ദി പ്രകടിപ്പിക്കാൻ കഴിയുന്നതിനും നിന്റെ ആരാധനയുടെ മനോഹാരിത നിലനിർത്താൻ കഴിയുന്നതിനും നീ എന്നെ സഹായിക്കേണമേ!

ഹദ്റത്ത് മുആദ് ബിൻ ജബൽ നിവേദനം ചെയ്യുന്നു, തിരുനബി(സ) പറയുന്നു: ഞാൻ നിങ്ങൾക്ക് സ്വർഗകവാടങ്ങളിലെ ഒരു കവാടത്തെ സംബന്ധിച്ച് പറഞ്ഞു തരട്ടയോ? അപ്പോൾ മുആദ് പറഞ്ഞു: അതേ പറഞ്ഞുതന്നാലും. തിരുനബി(സ) പറഞ്ഞു: *ലാഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ്* എന്ന് ചൊല്ലുക. ഹദ്റത്ത് മുആദിൽ നിന്ന് നിവേദനം: അദ്ദേഹം തിരുനബി(സ)നോട് ഏറ്റവും ശ്രേഷ്ഠമായ ഈമാനെ സംബന്ധിച്ച് ചോദിച്ചപ്പോൾ തിരുനബി(സ) പറഞ്ഞു; നിങ്ങൾ അല്ലാഹുവിന് വേണ്ടി പരസ്പരം സ്നേഹിക്കുകയും അല്ലാഹുവിന് വേണ്ടി തന്നെ പരസ്പരം വെറുക്കുകയുംചെയ്യുക. നിങ്ങൾ നാവുകളെ ദൈവസ്മരണയിൽ നിലനിർത്തുക. ഹദ്റത്ത് മുആദ്ചോദിച്ചു, യാ റസൂലല്ലാഹ് പിന്നെ എന്താണ്? തിരുനബി(സ) പറഞ്ഞു: നിങ്ങൾ നിങ്ങൾക്ക്വേണ്ടി ഇഷ്ടപ്പെടുന്നത് തന്നെ ജനങ്ങൾക്കു വേണ്ടിയും ഇഷ്ടപ്പെടുക. നിങ്ങൾ നിങ്ങൾക്ക് വേ

ണ്ടി അനിഷ്ടപ്പെടുന്നത് ജനങ്ങൾക്ക് വേണ്ടിയും അനിഷ്ടപ്പെടുക.
ഹദ്റത്ത് ജാബിർ നിവേദനം ചെയ്യുന്നു; ഹദ്റത്ത് മുആദ്, തിരുനബി(സ)ന്റെകൂടെ നമസ്കരിക്കുകയും പിന്നെ വന്ന് ജനങ്ങൾക്ക് നമസ്കരിപ്പിക്കുകയും ഇമാമത്ത് വഹിക്കുകയും ചെയ്തിരുന്നു. ഒരു രാത്രിയിൽ അദ്ദേഹം തിരുനബി(സ)ന്റെകൂടെ ഇശാഅ് അനുഷ്ഠിച്ചു. പിന്നെ തന്റെ ആളുകളുടെ അടുത്തെത്തി സൂറഃ ബഖ്റ മുഴുവനും ഓതാൻ തുടങ്ങി. അപ്പോൾ ഒരാൾ അദ്ദേഹത്തിൽ നിന്ന് മാറി, സലാം വീട്ടുകയും ഒറ്റക്ക് നമസ്കരിക്കുകയുംചെയ്തു. അപ്പോൾ ജനങ്ങൾ പറഞ്ഞു: അല്ലയോ മനുഷ്യാ! നീ മുനാഫിഖ് ആയിരിക്കുന്നു. അങ്ങനെ അയാൾ തിരുനബി(സ)ന്റെ അടുക്കൽ എത്തി. എല്ലാ കാര്യങ്ങളും വിവരിച്ചു. തുടർന്ന് തിരുനബി(സ) ഹദ്റത്ത് മുആദിലേക്ക് തിരിഞ്ഞുകൊണ്ട് പറഞ്ഞു: മുആദ്! നിങ്ങൾ ജനങ്ങളെ പരീക്ഷണത്തിൽ അകപ്പെടുത്തുകയാണോ? ജനങ്ങളെ എന്തിനാണ് പ്രയാസത്തിലാക്കുന്നത്? നമസ്കാരത്തിൽ ഖുർആന്റെ ഇന്ന ഭാഗങ്ങളാണ് ഓതേണ്ടതെന്ന് പറഞ്ഞുകൊടുത്തു. തിരുനബി(സ) പറഞ്ഞു: *വശ്ശംസി വളുഹാഹാ, വസ്സുഹാ, വല്ലയ്ലി ഇദാ യഗ്ശാ, സബ്ബിഹിസ്മ റബിക്കൽ അഅ്ലാ* എന്നീ സൂറത്തുകൾ പാരായണംചെയ്യുക.
ഹുസൂർ അൻവർ പറയുന്നു: നീണ്ട സൂറത്തുകൾ ജമാഅത്തായ നമസ്കാരങ്ങളിൽ ഓതാൻ പാടില്ല എന്നതാണ് പൊതുവായ തത്വം. കാരണം വിവിധ തരത്തിലുള്ള ആളുകൾ നമസ്കരിക്കാൻ ഉണ്ടാകും. വൃദ്ധന്മാരും രോഗികളും ജോലിക്കാരും ഉണ്ടാകുന്നതാണ്.
ഹദ്റത്ത് മുആദ് ബിൻ ജബൽ പറയുന്നു; ഞാൻ സവാരിയിൽ തിരുനബി(സ)ന്റെ പിന്നിൽ ഇരിക്കുകയായിരുന്നു. തിരുനബി(സ) പറഞ്ഞു: മുആദ് ബിൻ ജബൽ! ഞാൻ പറഞ്ഞു: ലബ്ബയ്ക്ക്, യാ റസൂലല്ലാഹ്! ഞാനിവിടെയുണ്ട്. ഇത് എന്റെ സൗഭാഗ്യമാകുന്നു. കുറച്ച് കൂടി മുമ്പോട്ടു പോയശേഷം വീണ്ടും നബി(സ) പറഞ്ഞു: മആദ് ബിൻ ജബൽ! ഞാൻ പറഞ്ഞു, ലബ്ബയ്ക്ക്, യാ റസൂലല്ലാഹ്! ഇത് എന്റെ സൗഭാഗ്യമാകുന്നു. തിരുനബി(സ) പറഞ്ഞു: അല്ലാഹുവിന് തന്റെ ദാസന്മാർക്ക് മേലുള്ള അവകാശങ്ങൾ എന്തൊക്കെയാണെന്ന് അറിയാമോ? ഞാൻ പറഞ്ഞു: അല്ലാഹുവും അവന്റെ റസൂലുമാണ് നന്നായി അറിയുന്നത്. നബി(സ) പറഞ്ഞു: അല്ലാഹുവിന് തന്റെ ദാസന്മാരോടുള്ള അവകാശം എന്തെന്നാൽ, അല്ലാഹുവിനെ അവന്റെ ദാസന്മാർ ആരാധിക്കുക എന്നതാണ്. ആരേയും അവനോട് പങ്ക് ചേർക്കരുത്. പിന്നെ കുറച്ചുദൂരം മുന്നോട്ട് പോയി. നബി(സ) പറഞ്ഞു: മുആദ് ബിൻ ജബൽ! ഞാൻ പറഞ്ഞു: ലബ്ബയ്ക്ക്, യാ റസൂലല്ലാഹ്! ഇത് എന്റെ സൗഭാഗ്യമാകുന്നു. നബി(സ) പറഞ്ഞു: ദാസന്മാർക്ക് അല്ലാഹുവിനോടുള്ള കടമകൾ എന്തൊക്കെയാണെന്ന് അറിയാമോ? ഞാൻ പറഞ്ഞു: അല്ലാഹുവും അവന്റെ റസൂലുമാണ് നന്നായി അറിയുന്നത്. നബി(സ) പറഞ്ഞു: അവൻ അവരെ ശിക്ഷിക്കുന്നതല്ല.
ഹദ്റത്ത് മുആദ് ബിൻ ജബൽ പറയുന്നു,. ഒരു ദിവസം ഞാൻ തിരുനബി(സ)യോട് വളരെ അടുത്തായിരുന്നു. ഞാൻ പറഞ്ഞു: യാ റസൂലല്ലാഹ്! സ്വർഗ്ഗത്തിൽ പ്രവേശിക്കാനും എന്നെ തീയിൽ നിന്നും ദൂരെ അകറ്റാനും ഉതകുന്ന കർമ്മം ഏതാണെന്ന് എനിക്ക് പറഞ്ഞുതന്നാലും! അപ്പോൾ തിരുനബി(സ) പറഞ്ഞു: നീ ഒരു വലിയ കാര്യമാണ് ചോദിച്ചിരിക്കുന്നത്. എന്നാൽ അല്ലാഹു എളുപ്പമാക്കാൻ ആഗ്രഹിക്കുന്നവർക്ക് അത് എളുപ്പവുമാണ്. തുടർന്ന് പറഞ്ഞു: അല്ലാഹുവിനെ ആരാധിക്കുക, ആരെയും അവന് പങ്കാളികളാക്കരുത്. നമസ്കാരം നിലനിർത്തുക, സകാത്ത് കൊടുക്കുക, റമദാനിലെ നോമ്പ് അനുഷ്ഠിക്കുക. ബയ്ത്തുല്ലാഹിലെ ഹജ്ജ് നിർവഹിക്കുക. ഇത്രയും പറഞ്ഞതിന് ശേഷം നബി(സ) പറഞ്ഞു, ഞാൻ നന്മയുടെ കവാടങ്ങളെ സംബ ന്ധിച്ച് പറയട്ടെ, നോമ്പ് പരിചയാകുന്നു. വെള്ളം തീയെ അണക്കുന്നതുപോലെ സ്വദ്ഖ തിന്മകളെ ഭസ്മീകരിക്കുന്നു. രാത്രിയുടെ മധ്യത്തിൽ നമസ്കരിക്കുക. അതാ യത് തഹജ്ജുദ് നമസകരിക്കുക.തുടർന്ന് നബി(സ) പറഞ്ഞു, ഇനി നിനക്ക് ഇവയുടെ ഉന്നത ശിഖിരം, ഇതിന്റെ നെടുംതൂൺ അതിന്റെ മേൽത്തട്ട് എന്താണെന്ന് പറഞ്ഞു തരട്ടെ? തുടർന്ന് പറഞ്ഞു: അത് ജിഹാദ് ആകുന്നു. പിന്നെ പറഞ്ഞു: ഇനി ഞാൻ ഇവയുടെ അടിസ്ഥാനം- അതിനു ചുറ്റിലും ആണ് ഇവ കറങ്ങുന്നത് എന്താണെന്ന് പറഞ്ഞു തരട്ടയോ? തീർച്ചയായും യാ റസൂലല്ലാഹ്! തിരുനബി(സ) തന്റെ നാവ് പിടിച്ചുകൊണ്ട് പറഞ്ഞു, ഇതിനെ തടഞ്ഞുവയ്ക്കുക. ഞാൻ ചോദിച്ചു, ഞങ്ങൾ ഇതുപയോഗിച്ച് പറയുന്നതിനെ സംബന്ധിച്ച് ഞങ്ങളോട് കണക്കെടുപ്പ് ഉണ്ടാകുമോ? തിരുനബി(സ) പറഞ്ഞു, മുആദ്! നിനക്ക് നന്മ വരട്ടെ! ജനങ്ങൾ അവരുടെ നാവു കൊയ്തെടുക്കുന്ന കൃഷിയല്ലാതെ മറ്റൊന്നും തന്നെ അവരെ നരകത്തിലേക്ക് മുഖം കുത്തി വീഴ്ത്തുന്നതല്ല. ഹദ്റത്ത് കഅബ് ബിൻ മാലിക് പറയുന്നു: ഹദ്റത്ത് മുആദ് ബിൻ ജബൽ, തിരുനബി(സ)ന്റെ ജീവിതകാലത്തും അബൂബക്കറിന്റെ കാലത്തും മദീനയിൽ ഫത്‌വ കൊടുത്തിരുന്നു.
ഹദ്റത്ത് മുആദ് ബിൻ ജബൽ ഹദ്റത്ത് അബൂബക്കറിന്റെ കാലത്ത് സിറിയിലേക്ക് പോകുകയും അവിടെ താമസമാക്കുകയും ചെയ്തു. ഹദ്റത്ത് മുആദ് ബിൻ ജബൽസിറിയയിലേക്ക് പോയപ്പോൾ ഹദ്റത്ത് ഉമർ പറഞ്ഞു: ഫിഖ്ഹിന്റേയും അദ്ദേഹം ഫത്‌വ നല്കിയിരുന്ന കാര്യങ്ങളുടേയും അടിസ്ഥാനത്തിൽ മദീന, അതായത് മദീനക്കാർ അദ്ദേഹത്തിന്റെ ആവശ്യക്കാരാകുന്നു. ഹദ്റത്ത് മുആദ് ബിൻ ജബൽ രാത്രി നമസ്കരിക്കുമ്പോൾ ഇങ്ങനെ ദുആ ചെയ്യുമായിരുന്നു. അല്ലാഹുവേ! കണ്ണുകൾ ഉറങ്ങുകയാണ്. നക്ഷത്രങ്ങൾ പ്രകാശം പൊഴിക്കുന്നു. നീ ഹയ്യുൽ

ഖയ്യൂം ആകുന്നു. അല്ലാഹുവേ! സ്വർഗം ചോദിക്കുന്ന കാര്യത്തിൽ ഞാൻ അലസനും നരകത്തിൽ നിന്ന് ഓടി മാറുന്നതിൽ ഞാൻ ദുർബലനുമാകുന്നു. അല്ലാഹുവേ! എനിക്കു വേണ്ടി നിന്റെ പക്കൽ സൻമാർഗ്ഗം വെക്കേണമേ! അത് എനിക്ക് ഖിയാമത്ത് ദിവസം തിരികെ നൽകിയാലും, തീർച്ചയായും നീ വാഗ്ദാനം ലംഘിക്കുന്നവനല്ല. ഹുസൂർ അൻവർ പറയുന്നു: ഭയത്തിന്റെയും ആർദ്രതയുടെയും എത്ര ഉന്നതനിലവാരമാണിത്!

ഹദ്റത്ത് അനസ് ബിൻ മാലിക് വിവരിക്കുന്നു: തിരുനബി(സ), മുആദ് ബിൻ ജബലിനോട് പറഞ്ഞു: ആരെങ്കിലും സത്യഹൃദയത്തോടെ അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യൻ ഇല്ലെന്നും മുഹമ്മദ് (സ) അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം നൽകിയാൽ അല്ലാഹു തീർച്ചയായും അയാൾക്ക് നരകം നിഷിധമാക്കുന്നതാണ്. അദ്ദേഹം പറഞ്ഞു: ഞാൻ ജനങ്ങളോട് ഇതേപ്പറ്റി പറയട്ടെ? അവർ സന്തോഷിക്കുന്നതാണ്. നബി(സ) പറഞ്ഞു: അങ്ങനെയായാൽ ജനങ്ങൾ ഇതിൽമാത്രം പ്രതീക്ഷയർപ്പിക്കുന്നതാണ്. മറ്റ് നൻമകൾ ചെയ്യുന്നതല്ല. അതുകൊണ്ട് ജനങ്ങളോട് പറയേണ്ട. ഹദ്റത്ത് മുആദും നബി(സ)നെ പൂർണ്ണമായും ബഹുമാനിക്കുകയും മരണസമയത്ത് പ്രസ്തുതസംഗതി പറയുകയും ചെയ്തു. ഒരു പ്രധാന സംഗതി പറയാതെ താൻ ശിക്ഷിക്കപ്പെടുമോ എന്നും, നിനക്ക് അറിവുണ്ടായിരുന്ന കാര്യം എന്തുകൊണ്ട് ജനങ്ങളോട് പറഞ്ഞില്ല എന്ന് അല്ലാഹു ചോദിക്കുമോ എന്ന് ഭയന്നു കൊണ്ടും പറഞ്ഞതാണ്.

ഹദ്റത്ത് മുആദ് ബിൻ ജബൽ വിവരിക്കുന്നു, റസൂലുല്ലാഹ്(സ) ഞങ്ങൾക്ക് തബൂകിലെ അരുവിക്കരയിൽ എത്തിചേരാനുള്ള കല്പന നല്കി. പറഞ്ഞു, അതിന്റെ വെള്ളത്തിൽ തൊടരുത്. അരുവി നേർത്ത ഒരു നാരു പോലെയായിരുന്നു. അതിൽ നിന്ന് അൽപാൽപം വെള്ളം വന്നിരുന്നു. അവിടുന്ന് അവിടെ എത്തി. ആ അരുവിയിൽ നിന്ന് ഒരു പാത്രത്തിൽ വെള്ളം സ്വരൂപിച്ചു. തുടർന്നു നബി(സ) തന്റെ രണ്ട് കയ്യും അതിൽ കഴുകി. മുഖവും കഴുകി. തുടർന്ന് ആ വെള്ളം ആ അരുവിയിൽ തന്നെ ഒഴിച്ചു. അപ്പോൾ അരുവി ശീഘ്രഗതിയിൽ പ്രവഹിക്കാൻ തുടങ്ങി. അങ്ങനെ ജനങ്ങൾ നല്ലതുപോലെ ദാഹശമനം വരുത്തി. തുടർന്ന് നബി(സ) പറഞ്ഞു, മുആദ്! നിനക്ക് ആയുസ്സ് നീണ്ടു കിട്ടുകയാണെങ്കിൽ ഈ പ്രദേ ശം തോട്ടങ്ങൾ നിറഞ്ഞതായി നിനക്ക് കാണാൻ കഴിയുന്നതാണ്. ഇബ്നു വസാഅ് പറഞ്ഞു, ഞാൻ അവിടെ നാലുപാടും കണ്ടിട്ടുണ്ട്. മരങ്ങളും പച്ചളിപ്പും എത്ര ത്തോളമുണ്ടെന്നാൽ ഖിയാമത്ത് വരേയും അത് നിൽക്കുമെന്ന് തോന്നി. അങ്ങനെയുള്ളതായിരുന്നു നബി(സ)ന്റെ പ്രവചനവും. ഹുസൂർ അൻവർ പറയുന്നു, ബാക്കി ഇൻശാ അല്ലാഹ് പിന്നീട് അനുസ്മരിക്കുന്നതാണ്.

ഖുത്ബയുടെ അവസാനം, ഹുസൂർ അൻവർ,ഒഡീഷയിലെ മുബല്ലിഗ് ഫർസാൻ ഖാൻ സാഹിബ്, മലേഷ്യ ലോക്കൽ മിഷനറി അബ്ദുല്ലാഹ് മോസേക്കി സാഹിബ്, ഖാദിയാനിലെ മുഅല്ലിം അബ്ദുൽവാഹിദ് സാഹിബ് എന്നിവരുടെ സ്വഭാവ മഹിമകൾ വിവരിക്കുകയും ജുമുഅ നമസ്കാരത്തിനുശേഷം അവരുടെ ജനാസ നമസ്കാരം നിർവഹിക്കുമെന്ന് വിളംബരപ്പെടുത്തുകയുംചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَ نَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَأْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 23.10.2020
Malayalam Translation: **Moulavi H.Shamsuddin, Kavassery** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516